A1/337/2024-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള തുളു അക്കാദമി ചെയർമാന് ഓണറേറിയം നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

G.O.(Rt)No.269/2026/CLAD തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:- 1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ

2. തുളു അക്കാദമി സെക്രട്ടറിയുടെ 22.07.2024 തീയതിയിലെ കത്ത്

3. സ.ഉ. (സാധാ) നം.87/2026/CLAD തീയതി 01-02-2026

**ഉത്തരവ്**

കേരള തുളു അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതമായി 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (3) പ്രകാരം ആദ്യ ഗഡുവായി 4,00,000/- (നാല് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കേരള തുളു അക്കാദമി ചെയർമാന് 01.11.2022 മുതൽ 30.06.2024 വരെയുള്ള കാലയളവിലെ ഹോണറേറിയം അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം അക്കാദമി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തുളു അക്കാദമി ചെയർമാന് 01.11.2022 മുതൽ 30.06.2024 വരെയുള്ള കാലയളവിലേക്ക് പ്രതിമാസ ഓണറേറിയമായി 10,000/- രൂപ നിരക്കിൽ 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം), 2025-26 സാമ്പത്തിക വർഷം 2205-00-102-77-57 തുളു സാഹിത്യ അക്കാദമി(N.V) എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും രണ്ടാം ഗഡുവായി അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം തുളു അക്കാദമിയുടെ കാസർഗോഡ് ജില്ലാ ട്രഷറിയിലുള്ള 799011400007433 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEE R PILLAI
UNDER SECRETARY

സെക്രട്ടറി, കേരള തുളു അക്കാദമി, തുളു ഭവൻ, മൂർഗ്ഗിപള്ള, ഹൊസങ്കടി, കാസർഗോഡ്-671323
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപൂരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (1443297/EDN-D1/55/2020-FIN dated 18.03.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 23-03-2026 12:53:51
സെക്ഷൻ ഓഫീസർ